## പതിമൂന്നാം കേരളനിയമസഭ

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3409 — 29.01.2014-ൽ മറുപടിക്ക്.

### ത്രിതല പഞ്ചായത്തുകളിൽ പഞ്ചവത്സര പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.പാലോട് രവി<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിൽ പഞ്ചവൽസര പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. ഒമ്പതാം പഞ്ചവൽസര പദ്ധതി മുതൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പഞ്ചവൽസര പദ്ധതി നടപ്പാക്കി വരുന്നു. 12-ാം പഞ്ചവൽസര പദ്ധതിയുടെ 2-ാം വാർഷിക പദ്ധതി നിർവ്വഹണത്തിന്റെ അവസാന ഘട്ടത്തിലാണ്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഇപ്പോൾ 3-ാം വാർഷിക പദ്ധതിയുടെ (2014-15) രൂപവൽക്കരണ പ്രക്രിയയിലാണ്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കഴിഞ്ഞ മൂന്ന് പഞ്ചവൽസര പദ്ധതിക്കാലത്തെ അനുഭവം മുൻനിർത്തി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക വികസനവും സാമൂഹിക നീതിയും സാധ്യമാക്കുവാൻ ദീർഘ വീക്ഷണത്തോടെയുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭൂപ്രകൃതിയുടെയും അവിടുത്തെ ജനങ്ങളുടെയും സമഗ്ര വികസനവും പുരോഗതിയുമാണ് പരമമായ ലക്ഷ്യം. 12-ാം പദ്ധതിയുടെ സമഗ്ര വികസന കാഴ്ചപാടിലൂന്നി കേന്ദ്ര-സംസ്ഥാന ആവിഷ്കൃത പരിപാടികൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, മിഷനുകൾ എന്നിവർ ചെയ്യുന്ന പ്രവർത്തനങ്ങൾ അപഗ്രഥിച്ച് അവയിൽ സംയോജിപ്പിക്കാനും ഏകോപിപ്പിക്കാനും കഴിയുന്നവ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ സംയോജിപ്പിക്കേണ്ടതും അവയിൽ പരിഗണിക്ക |

| | | | |
|---|---|---|---|
| | | | പ്പെടാത്ത പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതും ലക്ഷ്യമിടുന്നു. |
| (സി) | ഇപ്രകാരം പഞ്ചായത്തുക ളിലെ പദ്ധതി രൂപീകരണത്തി ലെയും നടത്തിപ്പിലെയും കാലതാമസം എത്രമാത്രം ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (സി) | സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ പദ്ധതി തുകചെലവഴിക്കുന്നത് ഒഴിവാക്കു ന്നതിനായി ഓരോ വാർഷിക പദ്ധതിയും ആരംഭിക്കുന്ന മാസത്തിൽതന്നെ പദ്ധതികൾ നിർവ്വഹിക്കാൻ സാധിക്കുംവിധം പദ്ധതികൾ നേരത്തെ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതികളുടെ അംഗീകാരം വാങ്ങി തദ്ദേശ സ്ഥാപനങ്ങൾ തയ്യാറെടുക്കുന്നു. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ഒരോ രണ്ട് വർഷക്കാലത്തേയ്ക്കുള്ള പദ്ധതി യാണ് തദ്ദേശ സ്ഥാപനങ്ങൾ രൂപവല്ക്കരിക്കുന്നത്. |
| (ഡി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാം ശങ്ങൾ അറിയിക്കുമോ? | (ഡി) | തദ്ദേശ സ്ഥാപനങ്ങളിലെ 12-ാം പഞ്ചവൽസര പദ്ധതി പ്രവർത്തന ങ്ങൾ കാര്യക്ഷമമായും സമയ ബന്ധിതമായും നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ 18.08.12 ലെ സ.ഉ.(എം.എസ്) നം.225/2012/തസ്വഭവ, 29.09.2012 ലെ സ.ഉ.(എം.എസ്) നം.248/2012/ തസ്വഭവ എന്നീ ഉത്തരവുകളിൽ വിശദമായി നിർദ്ദേശിച്ചിട്ടുണ്ട്. |

— — — —

സെക്ഷൻ ഓഫീസർ